"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ കുറ്റിയോട് എ.യു.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ് ശ്രീമതി.ഖദീജത്ത് നമ കെ.സി. ഫയൽ ചെയ്ത ഡബ്ള്യൂ.പി(സി)നം.11639/2023-മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 31.03.2023-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.8121/2023/GEDN തീയതി, തിരുവനന്തപുരം, 20-12-2023**

---

പരാമർശം:-

1. പാലക്കാട് കുറ്റിയോട് എ.യു.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ് ശ്രീമതി.ഖദീജത്ത് നമ കെ.സി. സർക്കാരിൽ സമർപ്പിച്ച 01/03/2023 തീയതിയിലെ പരിശോധനാ ഹർജി (Ext.P9)
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 11639/2023-മേലുള്ള 31.03.2023 തീയതി വിധിന്യായം.
3. മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തീയതി രേഖപ്പെടുത്താത്ത AEOMRD/581/2023-Cനമ്പർ കത്ത്.
4. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24/06/2023 തീയതിയിലെ DEOMKD/1273/2023-B1നമ്പർ കത്ത്.
5. പൊതുവിദ്യാദ്യാഭ്യാസ ഡയറക്ടറുടെ 27/06/2023 തീയതിയിലെ ജി1/13412/2022/ഡിജിഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കുറ്റിയോട് എ.യു.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ് ശ്രീമതി.ഖദീജത്ത് നമ കെ.സി. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ള്യൂ.പി(സി)നം.11639/2023-മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P9) പുന:പരിശോധനാ ഹർജി ഹർജിക്കാരിയെയും അഞ്ചാം എതിർകക്ഷിയായ സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കുവാൻ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ഹർജിക്കാരിയുടെ പ്രതിനിധി, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും പ്രതിനിധികൾ എന്നിവരെ 06.07.2023 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരിയായ ശ്രീമതി.ഖദീജത്ത് നമ കെ.സി.യുടെ അപേക്ഷ ഇപ്രകാരമാണ് :**

"പാലക്കാട് ജില്ല കരിമ്പ കുറ്റിയോട് എയ്ഡഡ് അപ്പർ പ്രൈമറി സ്കൂൾ മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫിസറുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്. ശ്രീമതി. കെ.സി. ഖദീജത്ത് നുമ എന്നവരെ 15.07.2021 മുതൽ എൽ.പി.എസ്.ടി. ആയി വിരമിക്കൽ ഒഴിവിൽ നിയമിച്ചു. മേൽ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും ജില്ലാ വിദ്യാഭ്യാസ ഓഫിസറും നിരസിച്ചു. അതിനെതിരെ ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ഡയറക്ടർ മുമ്പാകെ സമർപ്പിച്ച മേൽ അപ്പീലും നിരസിച്ചിട്ടുള്ളതാണ്. വിരമിക്കൽ ഒഴിവിലാണ് ശ്രീമതി. കെ.സി.ഖദീജത്ത് നുമ എന്നവരെ നിയമിച്ചിട്ടുള്ളത്. സ.ഉ.(പി) നം.3/2019/പൊ.വി.വ തീയതി 28.02.2019, സർക്കുലർ നം. ജെ.2/57/2019/പൊ.വി.വ തീയതി 08.03.2019 എന്നീ ഉത്തരവുകളുടെ വെളിച്ചത്തിൽ മേൽ നിയമനം അംഗീകരിക്കാവുന്നതാണ്. കൂടാതെ, സ.ഉ.(പി) നം. 2/2023/പൊ.വി.വ തീയതി 23.01.2023 എന്ന സർക്കാർ ഉത്തരവിൽ സ.ഉ.(പി)നം.4/2021/പൊ.വി.വ തീയതി 06.02.2021-ന്റെയും ആയതിന്റെ ഡിക്ലറേഷന്റെയും അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിൽ 2019-2020-ന് ശേഷം ഉണ്ടാകുന്ന അധിക തസ്തികകൾ ഒഴികെയുള്ള റെഗുലർ ഒഴിവുകളിൽ ചട്ടപ്രകാരം നടത്തുന്ന നിയമനങ്ങൾക്ക് അവ മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമാണെങ്കിൽ അംഗീകാരം നൽകുന്നതിൽ തടസ്സങ്ങളില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

മേൽ സാഹചര്യങ്ങളും സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് ശ്രീമതി. കെ.സി.ഖദീജത്ത് നുമ എന്നവരുടെ 15.07.2021 മുതൽ വിരമിക്കൽ ഒഴിവിൽ എൽ.പി.എസ്.ടി ആയുള്ള നിയമനം അംഗീകരിച്ചു നൽകുവാൻ ഒരു ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.."

**3. മാനേജർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു :.**

"1. ഈ സ്കൂളിലെ LPST ആയ ശ്രീമതി. നന്ദിനി ജി.കെ. 30.4.2020-ന് വിരമിച്ച ഒഴിവിലാണ് ശ്രീമതി. ഖദീജത്ത് നുമ കെ.സി.യെ 15.7.2021 മുതൽ LPST ആയി നിയമിച്ചത്. [Exhibit P1 of the Writ Petition]

2. ഈ സ്കൂളിൽ സംരക്ഷിത നിയമന വ്യവസ്ഥ ബാധകമായിട്ടുള്ളതും GO (P)No.4/2021//G.EDN തിയതി 6.2.2021 പ്രകാരം സത്യപ്രസ്താവന നൽകിയിട്ടുള്ളതും ആണ്. ഇത്തരം സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കാൻ സംരക്ഷിത അധ്യാപകർ ജോയിൻ ചെയ്യേണ്ടതുണ്ട് എന്നീ കാരണങ്ങളാൽ മണ്ണാർക്കാട് AEO ഈ നിയമനം നിരസിച്ചു. [Exhibit P2 of the Writ Petition]

3. മണ്ണാർക്കാട് DEO, തിരുവനന്തപുരം DGE എന്നിവർക്ക് നൽകിയ അപ്പീലുകളും നിരസിക്കപ്പെട്ടു. [Exhibit P3 & P5 of the Writ Petition]

4. സംരക്ഷിത അധ്യാപക നിയമനം ബാധകമായിട്ടുള്ള സ്കൂളുകളിൽ 2019-20-ന് ശേഷം ഉണ്ടാവുന്ന അധിക തസ്തികകൾ ഒഴികെയുള്ള റഗുലർ ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾക്ക് അവ മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമാണെങ്കിൽ അംഗീകാരം നൽകുന്നതിൽ തടസ്സങ്ങൾ ഇല്ലെന്നും സംരക്ഷിതാധ്യാപക തിയമനം സംബന്ധിച്ച കോടതിവിധി വന്ന ശേഷം അതിന് വിധേയമായി മാത്രമേ ഇത്തരം വിദ്യാലയങ്ങളിൽ സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടതുള്ളൂ എന്നും 23.1.2023-ലെ GO (P)No.2/2023/G.EDN ഖണ്ഡിക iv-ൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. [Exhibit P8 of the Writ Petition]

5. ശ്രീമതി ഖദീജത്ത് നുമ കെ.സി.യുടെ നിയമനം അധിക തസ്തികയിൽ അല്ല, റഗുലർ തസ്തികയിൽ ആണ്. ആയതിനാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ശ്രീമതി ഖദീജത്ത് നുമ കെ.സി.യുടെ 15.7.2021 മുതലുള്ള നിയമനം അംഗീകരിക്കുന്നതിനുള്ള ഉത്തരവ്

നൽകണമെന്ന് സവിനയം ആഭ്യർത്ഥിക്കുന്നു."

**4. മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു :**

പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ലയിൽ കുറ്റിയോട് AUP സ്കൂൾ 22.05.1979-ന് ശേഷം അപ്ഗ്രേഡ് ചെയ്യപ്പെട്ട വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. ടി സ്കൂളിൽ LPST ആയി നിയമിതയായ ശ്രീമതി. ഖദീജത്തു നുമ ബഹു. കേരള ഹൈക്കോടതിയിൽ WP(C)No.11639/2023 ഫയൽ ചെയ്തിട്ടുണ്ട്. ടി സ്കൂളിൽ LPST ആയിരുന്ന ശ്രീമതി.നന്ദിനി ജി.കെ. 30/04/2020-ന് വിരമിച്ച ഒഴിവിലാണ് മാനേജർ ശ്രീമതി. ഖദീജത്തു നുമയെ LPST ആയി 15.07.2021 മുതൽ നിയമിച്ചിരുന്നത്.

കുറ്റിയോട് AUP സ്കൂൾ 22/05/1979-ന് ശേഷം അപ്ഗ്രേഡ് ചെയ്യപ്പെട്ട വിഭാഗത്തിൽ ഉൾപ്പെടുന്നതായതിനാൽ സംരക്ഷിതാദ്ധ്യാപക നിയമന വ്യവസ്ഥ ബാധകമാണ്. കൂടാതെ, സ.ഉ.(പി) നമ്പർ 4/2021 തിയ്യതി 06/02/2021 പ്രകാരം മാനേജർ സത്യപ്രസ്താവന സമർപ്പിച്ചതിനാൽ 03/10/2018 മുതൽ നിയമിതനായ ശ്രീ. അസ്കർ കെ.പി.യുടെ ജൂനിയർ അറബിക് പാർട്ട് ടൈം അധിക തസ്തികയിലെ നിയമനം ഈ കാര്യാലയത്തിൽ നിന്നും ഉത്തരവ് നമ്പർ: സി/13155/2021കെഡിസ് തിയ്യതി 20/09/2021 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ.ഉ.(പി) നമ്പർ: 4/2021 തിയ്യതി : 06/02/2021 ഖണ്ഡിക 3 (a) പ്രകാരം ഉയർത്തപ്പെട്ട വിഭാഗത്തിൽ ഒഴിവ് മാറ്റി വയ്ക്കാൻ കഴിയാത്ത പക്ഷം പ്രീ അപ്ഗ്രേഡഡ് വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവ് മാറ്റി വയ്ക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടായിരുന്നു.

കുറ്റിയോട് AUP സ്കൂൾ 22/05/1979-ന് ശേഷം അപ്ഗ്രേഡ് ചെയ്യപ്പെട്ട വിഭാഗത്തിൽ ഉൾപ്പെടുന്നതായതിനാൽ നമ്പർ : ജെ2/57/2019/പൊവിവ തിയതി: 08/03/2019 സർക്കുലർ ഖണ്ഡിക (ii) പ്രകാരം സംരക്ഷിതാദ്ധ്യാപകൻ ജോയിൻ ചെയ്യേണ്ടതുണ്ട്. സ.ഉ.(പി) നമ്പർ: 4/2021 തിയതി: 06/02/2021 പ്രകാരം ഭാവിയിലുണ്ടാകുന്ന ഒഴിവിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കാം എന്നുള്ള സത്യപ്രസ്താവന മാനേജർ സമർപ്പിച്ചിട്ടുണ്ട്. മേൽ കാരണങ്ങളാലാണ് ശ്രീമതി. ഖദീജത്തു നുമയുടെ 15/07/2021 മുതലുള്ള LPST നിയമനം ഈ കാര്യാലയത്തിൽ നിന്നും ഉത്തരവ് നമ്പർ സി/14208/2021 തിയതി 07/03/2022 പ്രകാരം നിരസിച്ചത്.

നിയമനം നിരസിച്ചതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ ശ്രീമതി. ഖദീജത്തു നുമ WPC നമ്പർ : 24865/2022 ഫയൽ ചെയ്തിരുന്നു. മേൽ WPC-02/08/2022 വിധിന്യായം പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഹിയറിങ് നടത്തുകയും UP വിഭാഗം അപ്ഗ്രേഡഡ് ആയതിനാൽ ടി സ്കൂളിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുകയോ ഒരു ഒഴിവ് ഒഴിച്ചിടുകയോ ചെയ്യാത്തതിനാലും സ.ഉ.(പി) നമ്പർ : 4/2021 തിയതി : 06/02/2021 പ്രകാരമുള്ള സംരക്ഷിതാദ്ധ്യാപക നിയമന വ്യവസ്ഥയിലെ ഇളവ് 2016-17 മുതൽ 2019-20 വരെയുള്ള കാലഘട്ടത്തിലേക്കായതിനാലും ശ്രീമതി: ഖദീജത്തു നുമയുടെ 15/07/2021 മുതലുള്ള LPST നിയമനം നിരസിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ നമ്പർ ജി1/13412/22 ഡിജിഇ തിയതി:13/02/2023 പ്രകാരം WPC നമ്പർ : 24865/2022 - 02/08/2022 വിധിന്യായം നടപ്പിലാക്കി ഉത്തരവിട്ടിട്ടുണ്ട്.

സ.ഉ.(അച്ചടി) നമ്പർ 2/2023/പൊവിവ തിയതി: 23/01/2023 ഖണ്ഡിക 2 പ്രകാരം 22/05/1979 മുതൽ 28/01/2016 കാലയളവിൽ ആരംഭിച്ചതോ അപ്ഗ്രേഡ് ചെയ്യപ്പെട്ടതോ ആയ സ്കൂളുകളിൽ സംരക്ഷിതാദ്ധ്യാപകൻ നിയമിതനായിട്ടില്ലെങ്കിൽ 2019-20-ന് ശേഷം

ആദ്യമുണ്ടാകുന്ന ഒഴിവിൽ തന്നെ കെ ഇ ആർ അദ്ധ്യായം XXI ചട്ടം 7 (3) (a) പ്രകാരം സംരക്ഷിതാദ്ധ്യാപകനെ നിയമിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയത് പ്രകാരം സംരക്ഷിതാദ്ധ്യാപകർ ആരും തന്നെ നിലവിൽ ടി സ്കൂളിൽ ജോലി ചെയ്യുന്നില്ല.

സ.ഉ.(പി) നമ്പർ : 4/2021 തിയ്യതി :06/02/2021 പ്രകാരം 2019-20-ന് ശേഷം വരുന്ന ഒഴിവിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കാം എന്ന് മാനേജർ സത്യപ്രസ്താവന സമർപ്പിച്ചിരുന്നാലും സഉ.(അച്ചടി) നമ്പർ: 2/2023/പൊ.വി.വ തിയതി: 23/01/2023 ഖണ്ഡിക 4 പ്രകാരം സംരക്ഷിതാദ്ധ്യാപക നിയമനം സംബന്ധിച്ച കോടതിവിധി വന്ന ശേഷം അതിനു വിധേയമായി മാത്രമേ സംരക്ഷിതാദ്ധ്യാപക നിയമനം നടത്തേണ്ടതുള്ളൂ എന്ന് ഉത്തരവായിട്ടുണ്ട്.

ശ്രീമതി.ഖദീജത്തു നമ LPST-യുടെ നിയമനം 15/07/2021 മുതൽ ആയതിനാൽ സ.ഉ.(കൈ) 29/2023/പൊ.വി.വ തിയ്യതി 24/03/2023, സർക്കുലർ നമ്പർ.എച്ച്2/295299/22 തിയതി 31/03/23, 16/05/23 പ്രകാരമുള്ള ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടുന്ന കാലയളവിലാണ് എന്ന് കൂടി അറിയിക്കുന്നു.

**5.** സർക്കാർ ഇക്കാര്യം വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കുറ്റിയോട് എ.യു.പി. സ്കൂൾ 22.05.1979-ന് ശേഷം അപ്ഗ്രേഡ് ചെയ്യപ്പെട്ട വിഭാഗത്തിൽപ്പെടുന്നു. ടി സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. നന്ദിനി ജി.കെ. 30.04.2020-ന് വിരമിച്ച ഒഴിവിൽ മാനേജർ ഹർജിക്കാരിയെ 15.07.2021 മുതൽ എൽ.പി.എസ്.ടി. ആയി നിയമിച്ചു. അപ്ഗ്രേഡ് ചെയ്യപ്പെട്ട സ്കൂളിൽ സംരക്ഷിത അധ്യാപക നിയമനവ്യവസ്ഥ ബാധകമാണെന്നതിനാൽ 06.02.2021 തീയതിയിലെ G.O.(P)No.4/2021/GEdn പ്രകാരം സത്യപ്രസ്താവന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 03.10.2018-ൽ ജൂനിയർ അറബിക് പാർട്ട് ടൈം അധിക തസ്തികയിൽ നിയമിക്കപ്പെട്ട അസ്കർ കെ.പി.ക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നൽകിയിരുന്നു. ടി സർക്കാർ ഉത്തരവ് പ്രകാരം ഭാവിയിലുണ്ടാകുന്ന ഒഴിവിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കാമെന്ന സത്യപ്രസ്താവന നൽകിയിട്ടുള്ള സാഹചര്യത്തിൽ, സംരക്ഷിതാദ്ധ്യാപകനെ നിയമിക്കാതെ ഹർജിക്കാരിയെ നിയമിച്ചതിനാലാണ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടിയാരിയുടെ 15.07.2021 മുതലുള്ള എൽ.പി.എസ്.ടി. നിയമനം നിരസിച്ചിട്ടുള്ളത്. ഇതിനെതിരെ ശ്രീമതി. ഖദീജത്ത് നമ WP(C)No. 24865/2022 ഫയൽ ചെയ്യുകയും ; 02.08.2022 തീയതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഹിയറിംങ് നടത്തുകയും, യു.പി.വിഭാഗം അപ്ഗ്രേഡഡ് ആയതിനാൽ സംരക്ഷിത അധ്യാപകനെ നിയമിക്കുകയോ ഒരു ഒഴിവ് ഒഴിച്ചിടുകയോ ചെയ്യാത്തതിനാലും സ.ഉ.(പി) നം.4/2021 തീയതി 06.02.2021 പ്രകാരമുള്ള നിയമനവ്യവസ്ഥയിലെ ഇളവ് 2016-17 മുതൽ 2019-20 വരെ മാത്രമായതിനാലും ടിയാരിയുടെ 15.07.2021 മുതലുള്ള എൽ.പി.എസ്.ടി. നിയമനം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ.ഉ.(പി)നം.2/2023/പൊ.വി.വ. തീയതി 23.01.2023 ഖണ്ഡിക 2 പ്രകാരം 22.05.1979 മുതൽ 28.01.2016 വരെ കാലയളവിൽ ആരംഭിച്ചതോ അപ്ഗ്രേഡ് ചെയ്യപ്പെട്ടതോ ആയ സ്കൂളുകളിൽ സംരക്ഷിതാദ്ധ്യാപകൻ നിയമിക്കപ്പെട്ടിട്ടില്ലെങ്കിൽ 2019-20-ന് ശേഷം ആദ്യമുണ്ടാകുന്ന ഒഴിവിൽ തന്നെ KER അധ്യായം XXI ചട്ടം 7(3)(a) പ്രകാരം സംരക്ഷിതാദ്ധ്യാപകനെ നിയമിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടി സ്കൂളിൽ സംരക്ഷിത അധ്യാപകർ ആരും തന്നെ നിലവിൽ ജോലി

ചെയ്യുന്നില്ല എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്യുന്നു. സ.ഉ.(പി)നം.4/2021 തീയതി 06.02.2021 പ്രകാരം 2019-20-ന് ശേഷം വരുന്ന ആദ്യ ഒഴിവിൽ സംരക്ഷിത അധ്യാപകനെ നിയമിക്കാം എന്ന് മാനേജർ സത്യപ്രസ്താവന സമർപ്പിച്ചിരുന്നാലും സ.ഉ.(അച്ചടി)നം.2/2023/പൊ.വി.വ. തീയതി 23.01.2023 ഖണ്ഡിക 4 പ്രകാരം സംരക്ഷിത അധ്യാപക നിയമനം സംബന്ധിച്ച കോടതി വിധിക്കു വിധേയമായി മാത്രം ടി നിയമനം നടത്തേണ്ടതുള്ളൂ എന്ന് ഉത്തരവായിട്ടുണ്ട്. ഹർജിക്കാരിയുടെ നിയമനം 15.07.2021 മുതലായതിനാൽ ഭിന്നശേഷി സംവരണ വ്യവസ്ഥ പാലിക്കേണ്ടതുണ്ട്.

**6.** കുറ്റിയോട് എ.യു.പി. സ്കൂൾ 22.05.1979-ന് ശേഷം അപ്ഗ്രേഡ് ചെയ്യപ്പെട്ട വിഭാഗത്തിൽപ്പെടുന്നതിനാലും, KER അധ്യായം XXI ചട്ടം 7(3)(a) പ്രകാരം 22.05.1979 മുതൽ 28.01.2016 വരെയുള്ള കാലയളവിൽ ആരംഭിച്ചതോ അപ്ഗ്രേഡ് ചെയ്യപ്പെട്ടതോ ആയ സ്കൂളുകളിൽ അപ്ഗ്രേഡഡ് വിഭാഗത്തിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലും, ഇത്തരത്തിൽ ഒരു തസ്തിക അപ്ഗ്രേഡഡ് വിഭാഗത്തിൽ മാറ്റിവയ്ക്കാൻ കഴിയാത്ത പക്ഷം പ്രീ അപ്ഗ്രേഡഡ് സെക്ഷനിലുണ്ടാകുന്ന ഒഴിവ് സംരക്ഷിതാധ്യാപക നിയമനത്തിനായി മാറ്റി വയ്ക്കണമെന്ന് 4/2021/പൊ.വി.വ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതിനാലും, ശ്രീമതി. ഖദീജത്ത് നുമയുടെ നിയമനം പ്രീ അപ്ഗ്രേഡഡ് സെക്ഷനിലാണെങ്കിലും ടി ഒഴിവിൽ മാനേജർ ഒരു സംരക്ഷിതാധ്യാപകനെ നിയമിക്കണമായിരുന്നു. കൂടാതെ, ടി സ്കൂളിൽ സംരക്ഷിത അധ്യാപകർ ആരും തന്നെ നിലവിൽ ജോലി ചെയ്യുന്നില്ല എന്ന് മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**7.** മേൽ സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ കുറ്റിയോട് എ.യു.പി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ് ശ്രീമതി.ഖദീജത്ത് നുമ കെ.സി.യുടെ നിയമനം നിലവിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരം അംഗീകരിക്കുവാൻ കഴിയാത്തതിനാൽ, ടിയാൾ ഫയൽ ചെയ്ത പരാമർശം 1 പുന:പരിശോധനാ ഹർജി (EXT P9) നിരസിച്ച് തീർപ്പാക്കി, അപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് ജില്ല.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് ജില്ല.
മാനേജർ, എ.യു.പി. സ്കൂൾ, കുറ്റിയോട്, കരിമ്പ, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.യു.പി. സ്കൂൾ, കുറ്റിയോട്, കരിമ്പ, പാലക്കാട്.
ശ്രീമതി.ഖദീജത്ത് നുമ കെ.സി, ലോവർ പ്രൈമറി സ്കൂൾ,
എ.യു.പി. സ്കൂൾ, കുറ്റിയോട്, കരിമ്പ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓാഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 20-12-2023 16:29:05

സെക്ഷൻ ഓഫീസർ